**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1528** **01-07-2026-ൽ മറുപടിയ്ക്ക്**

**ദേവസ്വം ജീവനക്കാരുടെ മോശമായ പെരുമാറ്റം നിയന്ത്രിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ടി. ബൽറാം

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തരോട് മോശമായി പെരുമാറുന്നത് തടയാൻ ദേവസ്വം ജീവനക്കാർക്ക് പരിശീലനം നൽകി പ്രൊഫഷണൽ രീതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തജനങ്ങളോട് സൗമ്യതയോടെയും സഹായമനോഭാവത്തോടെയും പെരുമാറുന്നതിന് ദേവസ്വം ബോർഡുകൾ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലനിൽക്കുന്ന ആചാരങ്ങൾ വ്യത്യസ്തമാണ്. ആയത് ഭക്തജനങ്ങൾക്ക് ക്ഷേത്രജീവനക്കാർ പറഞ്ഞുകൊടുക്കുകയും ക്ഷേത്രപരിസരങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ പരസ്യബോർഡുകൾ മുഖേന പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ പൂജകളേയും വഴിപാടുകളേയും കുറിച്ചുള്ള വിവരങ്ങളും ക്ഷേത്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ പെരുമാറ്റത്തിലും മനോഭാവത്തിലും മാറ്റമുണ്ടാക്കാനും നൈപുണികൾ വികസിപ്പിക്കുന്നതിനുമായി ഒരു പരിശീലന വിംഗ് ബോർഡിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**(ബി)** ജീവനക്കാർക്ക് ക്ഷേത്രാചാരങ്ങളെക്കുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചും അറിവില്ലാത്തതിനാൽ ഓരോ ക്ഷേത്രങ്ങളിലെയും അനുഷ്ഠാനങ്ങളെക്കുറിച്ച് പ്രത്യേക പരിശീലനം നൽകുമോ; വിശദമാക്കുമോ;

**മറുപടി:** ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തജനങ്ങളോട് സൗമ്യതയോടെയും സഹായമനോഭാവത്തോടെയും പെരുമാറുന്നതിന് ദേവസ്വം ബോർഡുകൾ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലനിൽക്കുന്ന ആചാരങ്ങൾ വ്യത്യസ്തമാണ്. ആയത് ഭക്തജനങ്ങൾക്ക് ക്ഷേത്രജീവനക്കാർ പറഞ്ഞുകൊടുക്കുകയും ക്ഷേത്രപരിസരങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ പരസ്യബോർഡുകൾ മുഖേന പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ പൂജകളേയും വഴിപാടുകളേയും കുറിച്ചുള്ള വിവരങ്ങളും ക്ഷേത്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ പെരുമാറ്റത്തിലും മനോഭാവത്തിലും മാറ്റമുണ്ടാക്കാനും

നൈപുണികൾ വികസിപ്പിക്കുന്നതിനുമായി ഒരു പരിശീലന വിംഗ് ബോർഡിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**(സി)** ക്ഷേത്രങ്ങളിൽ എത്തുന്നവർക്ക് പൂജകളെയും വഴിപാടുകളെയും കുറിച്ച് വിശദമായി പറഞ്ഞു മനസ്സിലാക്കുന്നതിന് ജീവനക്കാരെ നിയോഗിക്കാൻ തീരുമാനമുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തജനങ്ങളോട് സൗമ്യതയോടെയും സഹായമനോഭാവത്തോടെയും പെരുമാറുന്നതിന് ദേവസ്വം ബോർഡുകൾ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലനിൽക്കുന്ന ആചാരങ്ങൾ വ്യത്യസ്തമാണ്. ആയത് ഭക്തജനങ്ങൾക്ക് ക്ഷേത്രജീവനക്കാർ പറഞ്ഞുകൊടുക്കുകയും ക്ഷേത്രപരിസരങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ പരസ്യബോർഡുകൾ മുഖേന പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ പൂജകളേയും വഴിപാടുകളേയും കുറിച്ചുള്ള വിവരങ്ങളും ക്ഷേത്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ പെരുമാറ്റത്തിലും മനോഭാവത്തിലും മാറ്റമുണ്ടാക്കാനും നൈപുണികൾ വികസിപ്പിക്കുന്നതിനുമായി ഒരു പരിശീലന വിംഗ് ബോർഡിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**